കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി കോർപ്പറേഷനിൽ റോറോ ജങ്കാർ ജെട്ടി നിർമ്മാണത്തിന് വികസന ഫണ്ടിൽ നിന്നുള്ള തുക വിനിയോഗിക്കുന്നതിനും സോഫ്റ്റ് വെയറിൽ മാറ്റം വരുത്തുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 1282/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 18/03/2016

പരാമർശം - (1) സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17/2/2016-ലെ 3.1 നമ്പർ തീരുമാനം.

(2) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 14/3/2016-ലെ CCPC6/MOE/22543/15 നമ്പർ കത്ത്.

## ഉത്തരവ്

കൊച്ചി കോർപ്പറേഷനിൽ റോറോ ജംഗാർ ജെട്ടി (ഡെപ്പോസിറ്റ് വർക്കായി ) നിർമ്മിക്കുന്ന പ്രവൃത്തി, കൊച്ചിൻ പോർട്ട് ട്രസ്റ്റിനെ ചുമതല ഏല്പിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പോർട്ട് ട്രസ്റ്റ് ഈ പ്രവർത്തി ടെണ്ടർ ചെയ്തപ്പോൾ **7.723** കോടി രൂപ ചെലവ് വരുമെന്നും മുഴുവൻ തുകയും മുൻകൂർ നൽകണമെന്നും പോർട്ട് ട്രസ്റ്റ് അറിയിച്ചതായും ആയതിനാൽ നഗരസഭയുടെ മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ സേവിംഗ്സ് തുകയിൽ നിന്നും വികസന ഫണ്ട് **3** കോടി രൂപ വിനിയോഗിക്കുന്നതിനും ആയത് സോഫ്റ്റ് വെയറിൽ മാറ്റം വരുത്തുന്നതിന് ഐ.കെ.എം.-ന് നിർദ്ദേശം നൽകുന്നതിനും, ടി തുക ട്രഷറിയിൽ നിന്നും ഒറ്റത്തവണയായി പിൻവലിക്കുന്നതിനുമുള്ള ഉത്തരവ് നൽകണമെന്ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ കത്തിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നഗരസഭയുടെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തുകയിൽ നിന്നും വികസന ഫണ്ട് **3** കോടി രൂപ റോറോ ജങ്കാർ ജെട്ടി നിർമ്മാണത്തിനായി വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. ഇൻഫർമേഷൻ കേരള മിഷൻ ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
എ പി എം മുഹമ്മദ് ഹാനിഷ്
ഗവൺമെന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ&ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- നഗരകാര്യ സെക്രട്ടറിയുടെ പി.എ-യ്ക്ക്